എൻ പി എ കൾക്കുള്ള ഒറ്റത്തവണ ഒത്തുതീർപ്പ്, 25000 രൂപ വരെയുള്ള ചെറിയ വായ്പകൾകൾക്കനുവദിച്ച പരിധിയിൽ

ബി പി ബി സി 53/21-04-117/2001-02
22 ഡിസംബർ 2001

എല്ലാ പൊതുമേഖലാ ബാങ്കുകളുടെയും ചെയർമാൻമാർക്കും മാനേജിംഗ് ഡയറക്ടർമാർക്കും

സർ,

25000 രൂപ വരെയുള്ള ചെറിയ വായ്പാ അക്കൗണ്ടിന്റെ (എൻ.പി.എസ്) ഒറ്റത്തവണ ഒത്തുതീർപ്പ്.

2001 നവംബർ 12 ന് ഹോണറബിൾ ധനകാര്യമന്ത്രി പൊതുമേഖലാ ബാങ്കുകളുടെ ചെയൻമാൻ മാരുടെയും മാനേജിംഗ് ഡയറക്ടർമാരുടെയും ന്യൂഡൽഹിയിൽ വച്ച് കൂടിയ യോഗത്തിൽ 25000 രൂപ വരെയുള്ള വായ്പകൾ ഈടാക്കുന്നതിന് അനുയോജ്യമായ പദ്ധതി ഉണ്ടാക്കുന്നതിന് ആവശ്യപ്പെടുകയുണ്ടായി. അതനുസരിച്ച് പൊതു മേഖലാ ബാങ്കുകളുടെ ബോർഡുകൾ എൻ പി എസിലെ കുടിശ്ശിഖ പിരിച്ചെടുക്കുന്നതിന് ഒരു പദ്ധതി ഉണ്ടാക്കി. താഴെ പറയുന്ന പരിധി ലക്ഷ്യമാക്കി.

2. (1) വ്യാപ്തി

(എ) ഈ മാർഗ്ഗനിർദ്ദേശം നിലവിൽ 25000 രൂപ വരെയുള്ള എല്ലാ വായ്പാ അക്കൗണ്ടുകൾക്കും ബാധകമാണ്. 1998 മാർച്ച് 31 ന് എൻ പി എസ് ആയി മാറിയ 25000 രൂപ മൂലധനമായിട്ടുള്ള വായ്പകൾ (ഏത് രീതിയിൽ ഉള്ളതായാലും പലിശ ഉൾപ്പെടാതെ)

(ബി) കേസ് ഫയൽ ചെയ്ത് വിധിയായി തുക ലഭിച്ചിട്ടുള്ളതും ഈ മാർഗ്ഗനിർദ്ദേശത്തിന്റെ പരിധിയിൽ വരും ഒത്തുതീർപ്പായി കഴിഞ്ഞാൽ അതാതു കോടതിയിൽ ഉള്ള കേസ്സുകൾ നീക്കുന്നതിനാവശ്യമായ നടപടികൾ ബാങ്കുകൾ സ്വീകരിക്കണം.

(സി) ഈ പദ്ധതി,വഞ്ചന, മന:പൂർവ്വം നടത്താതിരിക്കുക, തെറ്റായ നടപടികൾ എന്നിവയ്ക്ക് ബാധകമല്ല.

(ഡി) ഈ പദ്ധതി 2002 ജൂൺ 20 വരെ പ്രാവർത്തികമായിരിക്കും.

II തീർപ്പാക്കൽ രീതി - തുകയും വെട്ടിക്കുറച്ച തീയതിയും

1998 മാർച്ച് 31 ന് മുഖ്യവായ്പ തുകയും പലിശയുമായി ഈടാക്കാനുള്ള തുക ഈ മാർഗ്ഗനിർദ്ദേശത്തിൽ വരുന്നതാണ് അത് ഒത്തുതീർപ്പ് തുകയായി ഈടാക്കാവുന്നതാണ്.

iii അടയ്ക്കുന്നത്

മുകളിൽ പറഞ്ഞ രീതിയിൽ തീർപ്പാക്കുന്ന തുക സാധാരണ രീതിയിൽ ഒറ്റ പ്രാവശ്യമായി അടയ്ക്കണം. അനുയോജ്യമായ കേസ്സുകളിൽ ഒത്തുതീർപ്പ് സമയത്ത് 25ശതമാനം തുകയും ബാക്കി തുക ഒത്തുതീർപ്പ് തീയതി മുതൽ 1 വർഷത്തിനകം ഈടാക്കേണ്ടതുമാണ്.

IV അനുവാദം നൽകുന്ന അധികാരി

ഒത്തു തീർപ്പ് നടത്തുന്നതിനുള്ള അധികാരം ബ്രാഞ്ച് മാനേജർക്കാണ്. വായ്പ അനുവദിച്ചത് ബ്രാഞ്ച് മാനേജരാണെങ്കിൽ ഒത്തു തീർപ്പ് നൽകേണ്ടത് അദ്ദേഹത്തിന്റെ മുകളിലുള്ള ഓഫീസറായിരിക്കണം.

V വിവേചനമില്ലാത്ത പെരുമാറ്റം

യാതൊരു വിവേചനവും കാണിക്കാതെ ബാങ്കുകൾ ഒത്തുതീർപ്പ് നടത്തി എൻ പി എ എസ് തീർക്കുന്നതിന് യാതൊരു പക്ഷഭേഗവും കാണിക്കാൻ പാടില്ല.

VI പദ്ധതി ചിട്ടപ്പെടുത്തുന്നത്

ഈ മാർഗ്ഗ നിർദ്ദേശം അനുസരിച്ച് എൻ പി എ കൾ ഒത്തുതീർപ്പ് ആക്കുന്നതിനുള്ള പദ്ധതി ബാങ്കുഡയറക്ടർ മാർ ചിട്ടപ്പെടുത്തണം. ബാങ്കുകൾക്ക് നിലവിലുള്ള കുടിശ്ശിഖ കണ്ടുപിടിക്കാൻ അവരുടെ അക്കൗണ്ടിംഗ് രീതി ഒറ്റത്തവണ ഒത്തുതീർപ്പിന് അനുസരണ മായിരിക്കണമെന്നും മാത്രം.

VII പരസ്യം

ഈ മാർഗ്ഗ നിർദ്ദേശം അനുസരിച്ച് ഒറ്റത്തവണ ഒത്തുതീർപ്പിന്റെ സൗകര്യം പ്രയോജനപ്പെടുത്താൻ എല്ലാ കുടിശ്ശിഖക്കാരെയും ബാങ്കുകൾ അറിയിക്കണം.

VIII ബോർഡിനുള്ള റിവ്യൂ

ബന്ധപ്പെട്ട അധികാരി ഈ പദ്ധതിയുടെ ഓരോ മാസത്തിലുമുള്ള പുരോഗതിയുടെ റിപ്പോർട്ട് അടുത്ത ഉയർന്ന അധികാരിയെയും ബാങ്കിനെയും അറിയിച്ചിരിക്കണം. ഒത്തു തീർപ്പിലെത്തിയ കേസ്സുകൾ മാത്രം ഒരു മാസത്തെ ഇടവേളയിൽ ബോർഡ് പുനഃപരിശോധിക്കുന്നതാണ്.

3 കത്ത് കിട്ടിയ വിവരം അറിയിക്കുക

വിശ്വസ്തതയോടെ,

എം ആർ ശ്രീനിവാസൻ

ചീഫ് ജനറൽ മാനേജർ ഇൻ ചാർജ്